**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : H. DINESHAN IAS)**

വിഷയം: തസ്വഭവ - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ജീവനക്കാര്യം (സാങ്കേതിക വിഭാഗം) - കണ്ണൂർ ജില്ല - തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവർക്ക് റയിൽവേ മന്ത്രാലയത്തിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ ടിയാളുടെ രാജി ഔദ്യോഗികമായി അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:

1) ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ -ന്റെ 05/11/2025 ലെ നമ്പർ: LSGD/JD/KNR/7492/2025-D2 കത്ത്.
2) ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവരുടെ 01/11/2025 ലെ രാജി അപേക്ഷ.
3) സതേൺ റയിൽവേ - സേലം ഡിവിഷണൽ പേഴ്സണൽ ഓഫീസറുടെ No.SA/P.268/I/Engg/Appintment/JE/RRB/DRQ/e-604462, Dtd:23.10.2025 നടപടിക്രമം.
4) തലശ്ശേരി മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, 22/10/2025, 01/11/2025 തീയതികളിലെ ഡി1-32/2014 നമ്പർ കത്ത്.
5) സതേൺ റയിൽവേ - സേലം ഡിവിഷണൽ പേഴ്സണൽ ഓഫീസറുടെ No.SA/P.268/I/RRB/JE/PW, Dtd:21.10.2025 നടപടിക്രമം.
6) ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ -ന്റെ 28/10/2025 ലെ നമ്പർ: LSGD/JD/KNR/7492/2025-D2 കത്ത്.
7) ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവരുടെ അപേക്ഷ.
8) തസ്വഭവ ഡയറക്ടർ (റൂറൽ) -ടെ 06.11.2025 ലെ നം.LSGD/PD/33878/2025-DEE1 നടപടിക്രമം.
9) തസ്വഭവ ഡയറക്ടർ (റൂറൽ) -ടെ 11/09/2025 ലെ നം.LSGD/PD/1897/2023-DEE1 നടപടിക്രമം.

**ഉത്തരവ് നമ്പർ .LSGD/PD/33878/2025-DEE1 തീയതി:13-11-2025**

തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) -ടെ പരാമർശം (9) ഉത്തരവ് പ്രകാരം ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിയമനം

നൽകിയിരുന്ന സ്നേഹപ്രഭാദേവി കെ. എന്നവർ കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ 18/09/2025 തീയതി പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവർക്ക് പരാമർശം (3) പ്രകാരം റയിൽവേ മന്ത്രാലയത്തിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും ഔദ്യോഗികമായി രാജിവെക്കുവാൻ ആഗ്രഹിക്കുകയാണെന്നും, അതിനാൽ പ്രസ്തുത രാജി ഉത്തരവ് 13.11.2025 തീയതി റയിൽവേ അധികൃതർക്ക് സമർപ്പിച്ച് ജോലിയിൽ പ്രവേശിക്കുന്നതിനായി എത്രയും പെട്ടെന്ന് രാജി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ അനന്തരനടപടികൾക്കായി ശിപാർശ ചെയ്ത് പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ളതാണ്.

ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവർക്ക് പരാമർശം (5) പ്രകാരം റയിൽവേ മന്ത്രാലയത്തിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ ടിയാളെ തസ്വഭ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (7) പ്രകാരം സമർപ്പിച്ച അപേക്ഷ അനന്തരനടപടികൾക്കായി ശിപാർശ ചെയ്ത് പരാമർശം (6) പ്രകാരം ലഭ്യമാക്കിയിരുന്നു.

ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവരുടെ പേരിൽ നിലവിൽ ബാധ്യതകൾ ഇല്ല എന്ന് തലശ്ശേരി മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരാമർശം (4) സാക്ഷ്യപത്രത്തിന്റെയും തസ്വഭ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലെ സേവനകാലയളവിൽ ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ വിജിലൻസ് കേസോ നിലവിലില്ലെന്നുള്ള വിജിലൻസ് വിഭാഗത്തിൽ നിന്നുമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവരെ ചട്ടപ്രകാരം നടപടിക്രമം പാലിച്ച് വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി പരാമർശം (8) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

എന്നാൽ ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവർക്ക് പരാമർശം (3) പ്രകാരം റയിൽവേ മന്ത്രാലയത്തിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും ഔദ്യോഗികമായി രാജിവെക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളതിനാൽ പരാമർശം (8) പ്രകാരം വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, ടിയാളുടെ പരാമർശം (2) രാജി അപേക്ഷ ഔദ്യോഗികമായി അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവരുടെ പേരിൽ നിലവിൽ ബാധ്യതകൾ ഇല്ല എന്ന് തലശ്ശേരി മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരാമർശം (4) സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതാണ്. തസ്വഭ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലെ സേവനകാലയളവിൽ ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ വിജിലൻസ് കേസോ നിലവിലില്ലെന്നുള്ള വിജിലൻസ് വിഭാഗത്തിൽ നിന്നും റിപ്പോർട്ടും ലഭ്യമാക്കിയിട്ടുള്ളതുമാണ്.

മേൽസാഹചര്യത്തിൽ പരാമർശം (1), (2), (3), (4) എന്നിവയുടെ അടിസ്ഥാനത്തിൽ വിട്ടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (8) ഉത്തരവ് റദ്ദ് ചെയ്തും, ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521) എന്നവർക്ക് റയിൽവേ മന്ത്രാലയത്തിൽ ജൂനിയർ എഞ്ചിനീയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ ടിയാളുടെ പരാമർശം (2) രാജി അപേക്ഷ പരിഗണിച്ച് KSR ഭാഗം I ചട്ടം 23 സർക്കാർ തീരുമാനം നം.1 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിന്നും 12.11.2025 തീയതി അപരാഹ്നം പ്രാബല്യത്തിൽ ടിയാളുടെ രാജി അംഗീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

H. DINESHAN IAS
PRINCIPAL DIRECTOR

ശ്രീമതി. സ്നേഹപ്രഭാദേവി കെ. (പെൻ.1016521), ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം).

പകർപ്പ് :

1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ (തുടർനടപടികൾ സ്വീകരിക്കുന്നതിന്).
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തലശ്ശേരി മുനിസിപ്പാലിറ്റി, കണ്ണൂർ (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം).
4. സൂപ്രണ്ട്, IT സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5. സൂപ്രണ്ട്, GEA സെക്ഷൻ.
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Dineshan H
Date: 13-11-2025 17:43:54